©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2025 ഡിസംബർ 02
02nd December 2025
1201 വൃശ്ചികം 16
16th Vrischikam 1201
1947 അഗ്രഹായനം 11
11th Agrahayana 1947

നമ്പർ
No.
4137

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

വിജ്ഞാപനം

നം. തസ്വഭവ-ആർ.ഡി1/141/2020/തസ്വഭവ.(പാർട്ട് 2) *തിരുവനന്തപുരം, 2025 നവംബർ, 30*

2024 ആഗസ്റ്റ് 19-ാം തീയതി 2688-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നം. 743/2024 ആയി പ്രസിദ്ധീകരിച്ചതും, 2024 ആഗസ്റ്റ് 13-ലെ സ. ഉ. (അച്ചടി) നം. 43/2024/തസ്വഭവ. നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ചതുമായ 2024-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങളുടെ ശരിത്തർജ്ജിമ.

അനുപമ ടി. വി.,
സ്പെഷ്യൽ സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പ്

വിജ്ഞാപനം

സ. ഉ (അച്ചടി)നമ്പർ 43/2024/തസ്വഭവ. തിരുവനന്തപുരം, തീയതി *13 ആഗസ്റ്റ് , 2024*
29 കർക്കിടകം , 1199
22 ശ്രാവണ, 1946.

എസ്. ആർ. ഒ നമ്പർ. 743/2024.–1994–ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ (1994 ലെ 13) 235 എ, 235 ബി, 235 എഫ്, 235 പി, 235 ഡബ്ല്യു എന്നീ വകുപ്പുകളോട് 254–ാം വകുപ്പ് കൂട്ടിവായിച്ച പ്രകാരം നല്കപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2019 നവംബർ 8–ന് 2692-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 829/2019 ആയി പ്രസിദ്ധീകരിച്ചതും, 2019 നവംബർ 2–ലെ സ.ഉ.(അച്ചടി) നമ്പർ 78/2019/തസ്വഭവ. നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ചതുമായ 2019–ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്ത് കേരള സർക്കാർ, ഇതിനാൽ താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു. അതായത്:–

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.–(1) ഈ ചട്ടങ്ങൾക്ക് 2024–ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.– 2019–ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ,–

(1) ചട്ടം 2–ൽ ഉപചട്ടം (1) – ൽ,–

(എ) (ബിഎം) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:–

"(ബിഎംഎ) 'ലൈവ്സ്റ്റോക്ക് കെട്ടിടം/ഫാം' എന്നതിൽ വളർത്തുമൃഗങ്ങളെ വളർത്തുന്നതോ അല്ലെങ്കിൽ 2012–ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതോ ആയ ഏതൊരു സ്ഥലവും ഉൾപ്പെടുന്നു."

(2) ചട്ടം 5 – ൽ, ഉപചട്ടം 4 – ൽ, കുറിപ്പ് (i) ന് പകരം താഴെ പറയുന്ന കുറിപ്പ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചേർക്കേണ്ടതാണ്, അതായത്:-

"(i) ഗ്രൂപ്പ് I ഒക്യുപ്പൻസിക്ക് കീഴിലുള്ള എല്ലാ ഒറ്റനില ലൈവ്സ്റ്റോക്ക് കെട്ടിടങ്ങൾ/ഫാമുകളുടെയും, കല്ലറകളുടെയും, ശവസംസ്കാര ഭൂമികളുടെയും സംഗതിയിൽ ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് വകുപ്പ് ഡയറക്ടറുടെ അനുമതിപത്രം ആവശ്യമില്ല.".

(3) ചട്ടം 8-ൽ, ഇനം (xiv) ന് പകരം താഴെ പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:-

"(xiv) 10 കന്നുകാലികൾ, 50 ആടുകൾ, 5 പന്നികൾ, 50 മുയലുകൾ, 500 പക്ഷികൾ, 1000 കാടകൾ, 50 ടർക്കികൾ, 2 ഒട്ടകപ്പക്ഷികൾ, 15 എമുകൾ എന്നീ എണ്ണത്തിൽ കൂടാതെ സൂക്ഷിക്കുന്ന ലൈവ്സ്റ്റോക്ക് കെട്ടിടങ്ങൾ/ഫാമുകൾ. ഈ ആവശ്യത്തിലേക്ക് മൃഗങ്ങളുടെ എണ്ണം കണക്കാക്കുമ്പോൾ, 2012-ലെ കേരള പഞ്ചായത്ത് രാജ് (കന്നുകാലി ഫാമുകൾക്കുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള മുതിർന്ന മൃഗങ്ങളുടെ എണ്ണം മാത്രം പരിഗണിക്കേണ്ടതാണ്. എന്നിരുന്നാലും, ഇത്തരത്തിലുള്ള നിർമ്മാണങ്ങൾക്ക്, കെട്ടിടം/നിർമ്മിതിക്ക് ചുറ്റും കുറഞ്ഞത് 1.5 മീറ്റർ വ്യക്തമായ ഉറസ്സായ സ്ഥലവും കൂടാതെ കെട്ടിടത്തിലേക്ക് കുറഞ്ഞത് 1.8 മീറ്റർ വീതിയുള്ള പ്രവേശനമാർഗ്ഗവും നൽകേണ്ടതാണ്."

(4) ചട്ടം 25-ൽ ഉപചട്ടം (2)-ൽ (എച്ച്) ഖണ്ഡത്തിലെ കുറിപ്പിൽ "100-ൽ കൂടുതൽ പക്ഷികളുള്ള പൗൾട്രി ഫാമുകൾ, 6-ൽ കൂടുതൽ പട്ടികൾ, 10-ൽ കൂടുതൽ പശുക്കൾ അല്ലെങ്കിൽ അത് പോലെയുള്ളവയുള്ള കന്നുകാലി ഫാമുകൾ" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ഒഴിവാക്കേണ്ടതാണ്.

(5) ചട്ടം 68-ന് ശേഷം താഴെപ്പറയുന്ന ചട്ടം ചേർക്കേണ്ടതാണ്, അതായത്:-

"68 എ. ലൈവ്സ്റ്റോക്ക് കെട്ടിടം/ഫാമുകൾ-(1) ഈ ചട്ടങ്ങളിൽ എന്ത് തന്നെ അടങ്ങിയിരുന്നാലും, ഏതൊരു ഒക്യുപൻസിയുമായ എല്ലാ ലൈവ്സ്റ്റോക്ക് കെട്ടിടങ്ങൾക്കും/ഫാമുകൾക്കും ചട്ടം 68 എ പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമായിരിക്കുന്നതാണ്. ഈ ചട്ടങ്ങളുടെ വ്യവസ്ഥകളിൽ നിന്നും ചട്ടം 8-ലെ ഉപചട്ടം (xii) ന കീഴിലുള്ള ലൈവ്സ്റ്റോക്ക് കെട്ടിടങ്ങൾ/ഫാമുകൾ ഒഴിവാക്കേണ്ടതാണ്.

(2) നിലവിലുള്ളതോ അല്ലെങ്കിൽ പിന്നീട് നിർമ്മിക്കാനുള്ളതോ ആയ എല്ലാ ലൈവ്സ്റ്റോക്ക് കെട്ടിടങ്ങൾ/ഫാമുകളെയും, കെട്ടിടത്തിന്റെ/നിർമ്മിതിയുടെ ബിൽറ്റ് അപ് ഏരിയ അനുസരിച്ച് താഴെ പറയും പ്രകാരം തരം തിരിക്കേണ്ടതാണ്:-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എ) കാറ്റഗറി I ലൈവ്സ്റ്റോക്ക് കെട്ടിടങ്ങൾ/ഫാമുകൾ – 750 ചതുരശ്ര മീറ്ററിൽ കവിയാത്ത ബിൽറ്റ് അപ് ഏരിയയുള്ള എല്ലാ ലൈവ്സ്റ്റോക്ക് കെട്ടിടങ്ങൾ/ഫാമുകൾ ഇതിൽ ഉൾപ്പെടുന്നു.

(ബി) കാറ്റഗറി II ലൈവ്സ്റ്റോക്ക് കെട്ടിടങ്ങൾ/ഫാമുകൾ – 750 ചതുരശ്ര മീറ്ററിൽ കൂടുതൽ ബിൽറ്റ് അപ് ഏരിയയുള്ള എല്ലാ ലൈവ്സ്റ്റോക്ക് കെട്ടിടങ്ങൾ/ഫാമുകൾ ഇതിൽ ഉൾപ്പെടുന്നു.

(3) കാറ്റഗറി I ലൈവ്സ്റ്റോക്ക് കെട്ടിടങ്ങൾക്ക് കുറഞ്ഞത് 3 മീറ്റർ ഫ്രണ്ട്യാർഡും, 2 മീറ്റർ സൈഡ്യാർഡുകളും, 2 മീറ്റർ റിയർയാർഡും ഉണ്ടായിരിക്കേണ്ടതാണ്.

(4) കാറ്റഗറി II ലൈവ്സ്റ്റോക്ക് കെട്ടിടങ്ങൾക്ക് കുറഞ്ഞത് 5 മീറ്റർ ഫ്രണ്ട്യാർഡും, 3 മീറ്റർ സൈഡ്യാർഡുകളും, 5 മീറ്റർ റിയർയാർഡും ഉണ്ടായിരിക്കേണ്ടതാണ്.

(5) കാറ്റഗറി I ലൈവ്സ്റ്റോക്ക് കെട്ടിടങ്ങളുടെ അനുവദനീയമായ പരമാവധി കവറേജ് 75 ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതും കാറ്റഗറി II ലൈവ്സ്റ്റോക്ക് കെട്ടിടങ്ങളുടേത് 70 ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്.

(6) കാറ്റഗറി I, കാറ്റഗറി II ലൈവ്സ്റ്റോക്ക് കെട്ടിടങ്ങളുടെ പ്രവേശനമാർഗ്ഗത്തിന്റെ ഏറ്റവും കുറഞ്ഞ വീതി യഥാക്രമം 3 മീറ്ററും, 5 മീറ്ററും ആയിരിക്കേണ്ടതാണ്.

(7) എഫ്.എസ്.ഐ, ഓഫ് സ്ട്രീറ്റ് പാർക്കിംഗ്, കെട്ടിടത്തിന്റെ ഉയരം, കെട്ടിടത്തിന്റെ ഭാഗങ്ങൾ, വെളിച്ചവും വായുസഞ്ചാരവും എന്നിവ സംബന്ധിച്ച് ഈ ചട്ടങ്ങളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ ലൈവ്സ്റ്റോക്ക് കെട്ടിടങ്ങൾ/ഫാമുകൾക്ക് ബാധകമല്ല.

(8) കാറ്റഗറി I ൽപ്പെടുന്ന എല്ലാ ലൈവ്സ്റ്റോക്ക് കെട്ടിടം/ഫാമിനും ഒരു അത്യാധുനിക വാട്ടർ ക്ലോസെറ്റും, കാറ്റഗറി II ലൈവ്സ്റ്റോക്ക് കെട്ടിടങ്ങൾക്കും/ഫാമുകൾക്കും കുറഞ്ഞത് രണ്ട് വാട്ടർ ക്ലോസെറ്റുകളും നൽകിയിരിക്കേണ്ടതാണ്.

(9) 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പ്രകാരമുള്ള ഖരമാലിന്യ സംസ്കരണ സംവിധാനം നൽകിയിരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഡോ. ഷർമിള മേരി ജോസഫ്

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതുവായ ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ (1994 ലെ 13) 235 എ, 235 ബി, 235 എഫ്, 235 പി, 235 ഡബ്യു, എന്നീ വകുപ്പുകളോട് 254-ാം വകുപ്പ് കൂട്ടിവായിച്ച പ്രകാരം നല്കപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ റദ്ദു ചെയ്ത് കൊണ്ടും 2019 നവംബർ 8-ന 2692-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 829/2019 ആയി പ്രസിദ്ധീകരിച്ചും, 2019 നവംബർ 2-ലെ സ.ഉ.(അച്ചടി) നമ്പർ 78/2019/തസ്വഭവ നമ്പരായി വിജ്ഞാപനം ചെയ്തും 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ലൈവ്സ്റ്റോക്ക് കെട്ടിടങ്ങൾ/ഫാമുകളുമായി ബന്ധപ്പെട്ട് കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.02 09:13:42 +05:30